# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1286** 02-03-2017-ൽ മറുപടി നൽകേണ്ടത്

## കോളേജ് വിദ്യാഭ്യാസം കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി | : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ)കോളേജ് വിദ്യാഭ്യാസം കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) കാലിക്കറ്റ് സർവ്വകലാശാലയിൽ പുതിയ കോളേജുകൾക്കും കോഴ്സുകൾക്കും അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ യു.ജി.സി റെഗുലേഷന്റെ വെളിച്ചത്തിൽ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും സർവ്വകലാശാല ഇക്കാര്യം പഠിക്കുന്നതിനായി സിണ്ടിക്കേറ്റ് ഉന്നതതലസമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ പ്രിൻസിപ്പൽ/അധ്യാപക നിയമനങ്ങൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും സർവ്വകലാശാലയുടെ മുൻകൂർ അനുമതി നിർബന്ധമാക്കുന്നതിനും ഫീസ് നിരക്ക് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ |

| | |
|---|---|
| | സർവ്വകലാശാലയുടെ മേൽനോട്ടം ഉറപ്പു വരുത്തുന്നതിന് ഒരു സ്ഥിരം സംവിധാനമുണ്ടാക്കുന്നതിനുമുള്ള നിർദ്ദേശവും സിണ്ടിക്കേറ്റ് സമിതി പരിഗണിച്ചുവരുന്നു .<br>സർവ്വകലാശാല നിയമനങ്ങൾ (മൂന്നാം ഭേദഗതി) 2014 ന്റെ വെളിച്ചത്തിൽ കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ കോളേജുകൾക്ക് ബാധകമായ ബൈലോ തയാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ബൈലോയുടെ കരട് സിണ്ടിക്കേറ്റ് പരിഗണിക്കുകയും വിശദ പരിശോധനക്കായി സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിവിധ കോഴ്സുകളുടെ പാഠ്യപദ്ധതിയിൽ കാലാനുസൃതമായി മാറ്റം വരുത്തുന്നതിനും യു.ജി.സി-യുടെയും മറ്റു അപെക്സ് സമിതികളുടെയും നിർദേശങ്ങൾ നടപ്പാക്കുന്നതിനും സർവ്വകലാശാല നടപടികൾ സ്വീകരിച്ചുവരുന്നു.<br>മലയാളസർവ്വകലാശാലയിൽ വിദ്യാ-ഭ്യാസ കലണ്ടർ പാലിച്ച് അദ്ധ്യയനം നടത്തുകയും വിദ്യാർത്ഥികൾക്ക് അക്കാദമിക വിഷയങ്ങളിൽ പ്രഗത്ഭരായ പണ്ഡിതരെ ക്ഷണിച്ചുവരുത്തി സെമി-നാറുകൾ, പ്രഭാഷണങ്ങൾ തുടങ്ങിയവ |

| | |
|---|---|
| | കലണ്ടർ അനുസരിച്ച് സംഘടിപ്പിക്കുകയും, കൃത്യമായ തീയതികളിൽ പരീക്ഷകൾ നടത്തി ഫലം പ്രഖ്യാപിച്ച് എത്രയും പെട്ടെന്നുതന്നെ ബിരുദാനന്തരബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ക്ഷേമപ്രവർത്തനങ്ങൾക്കായി വേണ്ടത്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുകയും ചെയ്യുന്നു.<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകിയിരുന്നു.<br>ഓരോ കോളേജും ദ്വിവത്സര പ്രവർത്തനപദ്ധതി സർക്കാരിനു സമർപ്പിക്കുന്നതിനും ഇതിനായി അർധ വാർഷിക അവലോകനം നടത്തുന്നതിനും എഞ്ചിനിയറിംഗ് കോളേജിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ രണ്ടു ഫിൽറ്ററുകൾ ഏർപ്പെടുത്തുന്നതിനും പരീക്ഷ നടത്തി 45 ദിവസത്തിനുള്ളിൽ റിസൾട്ട് പബ്ലിഷ് ചെയ്യുന്നതിനും യൂണിവേഴ്സിറ്റി പരീക്ഷകൾ video graph ചെയ്യുന്നതിനും Invigilators നെ ഒരു കോമൺ പൂളിൽ നിന്നും എടുക്കുന്നതിനും Sessional Minimum നിർബന്ധമാക്കുന്നതിനും, |

| | |
|---|---|
| | ഫാക്കൽറ്റി Training നിർബന്ധമാക്കുന്നതിനും External Examiners ന്റെ സേവനം തേടുന്നതിനും ഫാക്കൽറ്റി തെരഞ്ഞെടുപ്പിൽ GATE Score കണക്കാക്കുന്നതിനും എക്സാമിനേഷൻ കലണ്ടർ ഏകീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല നിലവിൽ വന്നതോടെ മുഴുവൻ കോഴ്സുകളുടേയും സിലബസ് ഏകീകരിക്കുകയും തൊഴിൽക്ഷമതയുള്ള യുവ സമൂഹത്തെ സൃഷ്ടിക്കുന്നതിനുതകുന്ന വിധം പാഠ്യ പദ്ധതി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രാക്ടിക്കലുകൾക്ക് കൂടുതൽ പ്രധാന്യം നൽകുകയും ഇന്റേൺഷിപ്പ് പഠനത്തോടൊപ്പം നൽകുകയും ചെയ്തത് വിദ്യാർത്ഥികളിൽ പുതിയ ഉണർവ് സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ 52 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ 2 വർഷം കൊണ്ട് സൃഷ്ടിക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 500 കോടി രൂപ അനുവദിക്കുന്നു എന്നും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, |

| | |
|---|---|
| | പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജ്, തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് എന്നീ കോളേജുകളെ ഡിജിറ്റൽ കോളേജുകളായും മികവിന്റെ കേന്ദ്ര ങ്ങളായും ഉയർത്തുന്നതിന് 150 കോടി രൂപ അനുവദിക്കുന്നു എന്നും 2016-17 ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് ഡി.പി.ആർ (ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുന്നു. സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ചും മറ്റും പഠിക്കുന്നതിനായി ഒരു മൂന്ന് അംഗ കമ്മീഷനെ സർക്കാർ ജി.ഒ (എം.എസ്) നം. 37/2017/ഉ.വി.വ, തീയതി 04.02.2017 പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) പ്രൊഫഷണൽ കോളേജുകളിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടിയുണ്ടാകുമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) എഞ്ചിനീയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ മേഖലകളിലെ പ്രൊഫഷണൽ കോളേജുകൾ ഇപ്പോൾ സാങ്കേതിക സർവ്വകലാശാലയുടെയും ആരോഗ്യസർവ്വകലാശാലയുടെയും കീഴിലാണ്. കോളേജുകളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനു കാലിക്കറ്റ് സർവ്വകലാശാല നടപടികൾ സ്വീകരിക്കും. കസാറ്റിൽ വിവിധയിനം തൊഴിലധിഷ്ഠിത |

| | |
|---|---|
| | കോഴ്സുകൾ നടത്തുന്നുണ്ട്. സംരംഭകരുടെ വികസനത്തിനായി Centre for Innovation Technology Transfer and Industrial Collaboration (CITTIC) പ്രവർത്തിക്കുന്നുണ്ട്. നുവാൽസിലെ ബി.എ എൽ.എൽ.ബി (ഓണേഴ്സ്) ഡിഗ്രി കോഴ്സ് തൊഴിലധിഷ്ഠിതമാണ്.<br>എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ തൊഴിൽക്ഷമതയുള്ള യുവ സമൂഹത്തെ സൃഷ്ടിക്കുന്നതിനുതകുന്ന വിധം പാഠ്യ പദ്ധതി ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ പ്രാക്ടിക്കലുകൾക്ക് കൂടുതൽ പ്രധാന്യം നൽകുകയും ഇന്റേൺഷിപ്പ് പഠനത്തോടൊപ്പം നൽകുകയും ചെയ്യുന്നത് വിദ്യാർത്ഥികളിൽ പുതിയ ഉണർവ് സൃഷ്ടിക്കുവാനും തൊഴിൽ നൈപുണ്യമുള്ളവരെ സൃഷ്ടിച്ചെടുക്കുവാനും ഉപകരിക്കും. |

സെക്ഷൻ ഓഫീസർ